ആർ.ഒ.സി.നം.41/16/എസ്. | ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം: 19/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:-2016-17-ലെ വൈക്കം ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലംമാറ്റം

സൂചന:- ശാന്തിക്കാരുടെ അപേക്ഷകൾ.

1) **ശ്രീ. വി.ഡി. ഷൈജി.**

ആവശ്യപ്പെട്ട ദേവസ്വങ്ങൾ- മാടപ്പള്ളി, ഇടയാഴം, തോട്ടകം എന്നീ ക്രമത്തിലാണ്. എന്നാൽ ടി ദേവസ്വങ്ങളിലേയ്ക്കൊന്നും പരിഗണിച്ചിട്ടില്ലായെന്നാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ. വി.ഡി. ഷൈജി ആവശ്യപ്പെട്ട മാടപ്പള്ളിയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ് എന്നു തീരുമാനിച്ച് അപ്പീൽ ഉത്തരവാകുന്നു.

2) **ശ്രീ. സുരേഷ്.ആർ.പോറ്റി.**

ശ്രീ. സുരേഷ്.ആർ.പോറ്റി ജോലി നോക്കുന്ന മാടപ്പള്ളി ദേവസ്വത്തിൽ മൂന്ന് വർഷം പൂർത്തിയായതിനാൽ സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകിയിട്ടുള്ളതാണെന്നും ഒന്നാം ചോയിസായ തൃപ്പക്കുടം ദേവസ്വത്തിൽ ടിയാനേക്കാൾ ജൂനിയറെയാണ് പരിഗണിച്ചതെന്നും ടി ഉത്തരവ് പുനഃപരിശോധിക്കണമെന്നുമാണ് അപ്പീലിലെ ആവശ്യം.

ശ്രീ. സുരേഷ്.ആർ.പോറ്റിയെ തൃപ്പക്കുടം മേൽശാന്തിയായി നിയോഗിച്ച് അപ്പീൽ തീർപ്പാക്കുന്നു.

3) **ശ്രീ. സന്തോഷ്പോറ്റി.**

ആവശ്യപ്പെട്ട ദേവസ്വങ്ങൾ - ഇളങ്കോവ്, ബ്രഹ്മമംഗലം, ആവശ്യക്കാർ ഇല്ലാത്ത പക്ഷം ഇപ്പോൾ ജോലി നോക്കുന്ന ദേവസ്വം.

ശ്രീ. സന്തോഷ്പോറ്റി ആവശ്യപ്പെട്ട മൂന്നാമത്തെ ചോയിസായ പള്ളിയറക്കാവ് ദേവസ്വത്തിൽ നില നിർത്തി അപ്പീൽ തീർപ്പാക്കുന്നു.

പള്ളിയറക്കാവ് ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയ ശ്രീ. ശ്രീകാന്ത് ദാമോദരനെ ഏനാദിമംഗലം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയും ഉത്തരവാകുന്നു.

ഉത്തരവുകൾ 20/07/2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ.**

**അംഗീകാരത്തോടെ,**

Sreelatha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,**
**(അഡ്മിനിസ്ട്രേഷൻ).**

പകർപ്പ്:-
1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വൈക്കം.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP സെക്ഷൻ

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC.39/16/MIS-B**

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
**13/ 07 / 2016**

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-** വൈക്കം ഗ്രൂപ്പിലെ പഞ്ചവാദ്യം ജീവനക്കാരുടെ **2016-2017-** ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:-** തിരുമൂഴിക്കുളം ദേവസ്വം പഞ്ചവാദ്യം ശ്രീ.പി.ബി.സുധീഷ് കുമാർ,കീഴൂർ ദേവസ്വം പഞ്ചവാദ്യം ശ്രീ.രഞ്ജിത്ത് ലാൽ എന്നിവരുടെ അപ്പീൽ അപേക്ഷ.

(A) <u>ശ്രീ.പി.ബി.സുധീഷ്കുമാർ, തിരുമൂഴിക്കുളം ദേവസ്വം</u>

സൂചനാ പ്രകാരമുള്ള അപ്പീൽ അപേക്ഷ പരിഗണിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ കുന്നപ്പള്ളി,തിരുപുറം, കാർത്തിയായനി ദേവസ്വങ്ങളാണ് അപ്പീലിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ.പി.ബി.സുധീഷ്കുമാറിനെ തിരുപുറം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയും, ശ്രീ.വി.ജി.മജേഷിനെ കാർത്തിയായനി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയും ഉത്തരവാകുന്നു.

(B) <u>ശ്രീ.എസ്.രഞ്ജിത്ത്ലാൽ,കീഴൂർ ദേവസ്വം</u>

സൂചനാ പ്രകാരമുള്ള അപ്പീൽ അപേക്ഷ പരിഗണിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ കുന്നപ്പള്ളി,തിരുമൂഴിക്കുളം,മുടകാരി ദേവസ്വം എന്നിവയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ.എസ്.രഞ്ജിത്ത്ലാലിനെ കുന്നപ്പള്ളി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയും, കുന്നപ്പള്ളി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ള ശ്രീ.പി.കെ.ജയദേവനെ തിരുമൂഴിക്കുളം ദേവസ്വത്തിലേ യ്ക്കും സ്ഥലം മാറ്റി ഉത്തരവാകുന്നു.

പ്രസ്തുത സ്ഥലം മാറ്റം **20.07.2016** മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelathi

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

(P.T.O)

പകർപ്പ്-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-വൈക്കം
2. സെക്ഷൻ ഫയൽ
3. ഫെയർ ഓഫീസ് കോപ്പി
4. EDP Section

/RA

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
*ഫോൺ : 0471 2315156; ഫാക്സ്:0471 2315156;*
*ഇമെയിൽ: devaswomcommissionertdb@gmail.com*

ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി. 38 /16/മിസ് എ — തിരുവനന്തപുരം, 15/07/2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം :- 2016 - 17 ലെ വൈക്കം ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം-
വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന : - 1. വൈക്കം ദേവസ്വം വാച്ചർ ശ്രീ..വിനീത് വിജയകുമാറിന്റെ അപേക്ഷ.
2. ഇളംകാവ് ദേവസ്വം വാച്ചർ ശ്രീ.അഖിലേഷ് കുമാർ, എം.എസിന്റെ അപേക്ഷ.
3. തിരുപുറം ദേവസ്വം വാച്ചർ ശ്രീ.കെ.ആർ.വിജയുകമാറിന്റെ അപേക്ഷ.
4. വൈക്കം ദേവസ്വം വാച്ചർ ശ്രീ.പി.എൻ.അനിൽ കുമാറിന്റെ അപേക്ഷ.

ശ്രീ..വിനീത് വിജയകുമാർ, വാച്ചർ, വൈക്കം ദേവസ്വം.

ടിയാൻ പൊതു സ്ഥലംമാറ്റത്തിൽ തുറവൂർ, ആനൂർ, ഉദയനാപുരം എന്നീ ദേവസ്വങ്ങളാണ് അപേക്ഷിച്ചിട്ടുള്ളത്. ടിയാന്റെ ആദ്യ ചോയ്സായ തുറവൂർ ദേവസ്വത്തിൽ ജൂനിയറായ ആളെ നിയോഗിച്ചിരുന്നതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് തുറവൂർ ദേവസ്വത്തിൽ മാറ്റം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് തുറവൂർ ദേവസ്വത്തിൽ നിയോഗിക്കുന്നതിനും തുറവൂർ ദേവസ്വത്തിൽ നിയോഗിച്ചിട്ടുള്ള ശ്രീ.പ്രദീപിനെ വൈക്കം ദേവസ്വത്തിലേയ്ക്കും സ്ഥലംമാറ്റം നൽകിയും ഉത്തരവാകുന്നു.

ശ്രീ.അഖിലേഷ് കുമാർ, എം.എസ്, വാച്ചർ, ഇളംകാവ് ദേവസ്വം

ടിയാൻ ഇളംകാവ് ദേവസ്വത്തിൽ ഒരു വർഷമേ ആയിട്ടുള്ളൂ എന്നും അപേക്ഷയിൽ കാരിക്കോട് ദേവസ്വം ആവശ്യപ്പെട്ടെങ്കിലും മങ്കാട്ടുകാവിലാണ് മാറ്റിയിട്ടുള്ളത്. ആകയാൽ നിലവിലെ ദേവസ്വത്തിൽ തുടരുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെടുന്നു.

ടിയാന്റെ അപ്പീൽ പരിഗണിച്ച് ഇളങ്കാവ് ദേവസ്വത്തിൽ തുടരുന്നതിനും, ഇളങ്കാവ് നിയോഗിച്ചിട്ടുള്ള ശ്രീ. അജിത് കുമാറിനെ റ്റി.വി.പുരം ദേവസ്വത്തിലേയ്ക്ക് മാറ്റിയും ഉത്തരവാകുന്നു.

ശ്രീ.കെ.ആർ.വിജയുകമാർ, വാച്ചർ, തിരുപുറം ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ വടയാർ ഇളങ്കാവ് ദേവസ്വം, ബ്രഹ്മമംഗലം ദേവസ്വം, ഉദയനാപുരം ദേവസ്വം എന്നിവ ആവശ്യപ്പെട്ടിട്ടുള്ളതും, മൂന്നാം ചോയ്സ് അനുവദിച്ചിട്ടുള്ളതുമാണ്. ഒന്നാം ചോയ്സ് അനുവദിക്കുന്നതിനാണ് അപ്പീൽ അപേക്ഷ നൽകിയിട്ടുള്ളത്.

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ ആവശ്യപ്പെട്ട ഉദയനാപുരം ദേവസ്വത്തിൽ മറ്റ് അപേക്ഷകരില്ലാത്തതിനാൽ അനുവദിച്ചിട്ടുള്ള താണ്. ആകയാൽ ടിയാന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവാകുന്നു.

ശ്രീ.പി.എൻ.അനിൽ കുമാർ വാച്ചർ, വൈക്കം ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ ഉദയനാപുരം, ബ്രഹ്മമംഗലം, വൈക്കം ക്ഷേത്രകലാപീഠം എന്നിവിടങ്ങളിൽ അപേക്ഷ സമർപ്പിച്ചിരുന്നതും, സ്ഥലംമാറ്റത്തിൽ പരിഗണിച്ചിട്ടില്ലാത്തതുമാണ്. വൈക്കം ക്ഷേത്രകലാപീഠത്തിൽ ജോലിനോക്കുന്ന ആൾ മൂന്നുവർഷം പൂർത്തിയാക്കിയിട്ടുള്ളതും, വീണ്ടും ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ആകയാൽ ടിയാന്റെ അപ്പീൽ പരിഗണിച്ച് കലാപീഠത്തിലേയ്ക്ക് മാറ്റം നൽകണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

അപ്പീൽ പരിഗണിച്ച് ടിയാനെ ക്ഷേത്ര കലാപീഠത്തിലും, ക്ഷേത്രകലാപീഠത്തിൽ ജോലി നോക്കിയിരുന്ന ശ്രീ.എം.എസ്.വിനോദിനെ വൈക്കം ദേവസ്വത്തിലേയ്ക്കും മാറ്റി നിയോഗിച്ചും ഉത്തരവാകുന്നു. .

സ്ഥലംമാറ്റ ഉത്തരവ് 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വൈക്കം
2) ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3) ഫെയർ ആഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)